പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1247 03.12.2015-ലെ മറുപടിക്ക്

അധികഭൂമി ഏറ്റെടുക്കൽ

ചോദ്യം
ഡോ. ടി.എം. തോമസ് ഐസക്

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വെക്കാവുന്ന പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വെച്ച് വരുന്നവരിൽ നിന്നെല്ലാം അധികഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ടോ;ഇല്ലെങ്കിൽ ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ചഭൂമി എത്ര ഏക്കർ വരും; മിച്ച ഭൂമി കണ്ടെത്താനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മിച്ചഭൂമി എത്ര എന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. നിലവിലെ കണക്കനുസരിച്ച് 1301 താലൂക്ക് ലാന്റ് ബോർഡ് കേസുകളിൽ ഉൾപ്പെട്ട 11375 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ അവശേഷിക്കുന്നു. പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി ആർജിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ജില്ലാ കളക്ടറിൽ നിന്ന് ആവശ്യപ്പെടുകയും, ലഭ്യമാകുന്ന റിപ്പോർട്ടും ശുപാർശയും ലാന്റ് ബോർഡ് പരിശോധിച്ച് എസ്.എം കേസ് എടുക്കുന്നതിനുള്ള അനുമതി താലൂക്ക് ലാന്റ് ബോർഡുകൾക്ക് നൽകുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലത്ത് 302.4500 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | അധിക ഭൂമി കൈവശം വയ്ക്കാൻ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെങ്കിലും അപേക്ഷയെ തുടർന്നാണോ തീരുമാനം എടുത്തത്; ഭൂപരിധിയുടെ ഇളവ് ചൂഷണം ചെയ്യാൻ അവസരമാക്കുന്നതാണ് പ്രസ്തുത തീരുമാനം എന്നറിയാമോ; | (ബി) | ഉണ്ട് ; അല്ല . കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(3) പ്രകാരം വ്യവസായ, വിദ്യാഭ്യാസ, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അധിക ഭൂമി കൈവശം വയ്ക്കാൻ അനുമതി നൽകി വരുന്നുണ്ട്. ഇവ കൂടാതെ, വ്യവസായം, വൈദ്യശാസ്ത്രം, വിദ്യാഭ്യാസം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ കുറഞ്ഞത് 10 കോടി രൂപ മുതൽ മുടക്കും 20 പേർക്ക് തൊഴിലും നൽകുന്ന തൊഴിൽദായകർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പുകൾ പ്രകാരവും സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സീലിംഗ് പരിധിയിൽ ഇളവ് നൽകുന്നതിന് 22/08/2015-ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (എം.എസ്) നം.408/2015 റവന്യൂ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സർക്കാരിനു സമർപ്പിക്കുന്ന അപേക്ഷ അതാത് ജില്ലാ കളക്ടർമാർ അധ്യക്ഷനായുള്ള ജില്ലാ തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാന ത്തിലാണ് സർക്കാർ തീരുമാനം കൈക്കൊള്ളുന്നത്. ഭൂപരിഷ്കരണ നിയമ ത്തിലെ 81(3)-ാം വകുപ്പ് പ്രകാരം പൊതു പ്രസക്തിയുള്ള സംരംഭങ്ങളാണെന്ന് ബോധ്യ മാകുന്നവയ്ക്കാണ് ഇളവ് നൽകുന്നത്. |
| (സി) | പ്രസ്തുത തീരുമാന പ്രകാരം അധിക ഭൂമി കൈവശം വെക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവർ എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ; എത്ര കേസുകളിൽ ഇതിനകം അനുമതി നൽകുകയുണ്ടായി; ആർക്കെല്ലാം; വിശദമാക്കുമോ? | (സി) | സർക്കാരിന്റെ 22/08/2015-ലെ ജി.ഒ. (എം.എസ്) 408/2015/ആർ.ഡി. നമ്പർ ഉത്തരവിന് ശേഷം 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇടുക്കി- 1, എറണാകുളം-1, ഇവയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**